

വിശകലനം ● എൻ.എം ഹുസൈൻ

# അഫ്ഗാനിൽ അമേരിക്കയുടെ ഭാവി

**ആഗസ്റ്റ്** 19-ന് അഫ്ഗാനിസ്താൻ സ്വാതന്ത്ര്യദിനം ആഘോഷിച്ചതായി വാർത്തകളുണ്ടായിരുന്നു. ശ്രദ്ധേയമായ കാര്യം അവരെങ്ങനെ ആഘോഷിച്ചുവെന്നതാണ്. കർസായി ഗവൺമെന്റ് രഹസ്യമായി സ്വാതന്ത്ര്യദിനം കൊണ്ടാടിയെന്നാണ് വാർത്ത. എവിടെ വെച്ചാണ് സ്വാതന്ത്ര്യദിന ചടങ്ങുകൾ നടക്കുകയെന്ന കാര്യം സർക്കാർ പുറത്തുവിട്ടില്ലത്രെ! എന്നുമാത്രമല്ല പൊതുജനങ്ങളെയൊന്നും ആഘോഷത്തിൽ പങ്കെടുപ്പിക്കേണ്ടെന്ന് കർസായി സർക്കാർ തീരുമാനിക്കുകയും ചെയ്തു. ഇത്രയൊക്കെ രഹസ്യമായി 89-ാം സ്വാതന്ത്ര്യദിനം ആഘോഷിച്ചുകൊണ്ടിരിക്കെ, സുരക്ഷാഭീതി മൂലം കാബൂൾ പട്ടണത്തിൽ മാത്രം കൂടുതലായി ഏഴായിരം പോലീസ് ഓഫീസർമാരെ നിയോഗിച്ചുവത്രെ. ലോകത്ത് ഏതെങ്കിലുമൊരു രാജ്യത്ത് ഏതെങ്കിലും കാലത്ത് ഇത്ര നാണംകെട്ട രീതിയിൽ ഒരു ആഘോഷം നടന്നിട്ടുണ്ടോ? അതും സ്വാതന്ത്ര്യദിനാഘോഷം!

യഥാർഥത്തിൽ അഫ്ഗാനിൽ ആർക്കാണ് സ്വാതന്ത്ര്യമുള്ളത്? കർസായിക്കോ നാറ്റോ സേനക്കോ അധികാരമോ സ്വാതന്ത്ര്യമോ ഉണ്ടായിരുന്നെങ്കിൽ ഇങ്ങനെയൊരു ഗതികേട് ഉണ്ടാകുമായിരുന്നോ?

2001 ആഗസ്റ്റ് മുതൽ 2007 ആഗസ്റ്റ് വരെയുള്ള സ്വാതന്ത്ര്യദിന ആഘോഷങ്ങളെല്ലാം പരസ്യമായാണ് നടന്നത്. എന്നാൽ ഏഴുവർഷങ്ങൾ നീണ്ട നാറ്റോ സേനയുടെ യുദ്ധം ഈ വർഷത്തെ സ്വാതന്ത്ര്യദിനാഘോഷം രഹസ്യമായി ആഘോഷിക്കുന്നതിലേക്ക് നയിച്ചു എന്നു പറയാം. ലോകത്തെ ഏറ്റവും സുസജ്ജരായ സൈനിക വ്യൂഹങ്ങൾ ഏഴുവർഷം യുദ്ധം ചെയ്തിട്ടും കാബൂൾ എന്ന തലസ്ഥാന പട്ടണത്തിൽ പോലും ഒരു ഔദ്യോഗിക ആഘോഷം സുരക്ഷിതമായി സംഘടിപ്പിക്കാനാവാത്ത സ്ഥിതിയാണെങ്കിൽ അടുത്തവർഷം അഫ്ഗാന്റെ സ്വാതന്ത്ര്യദിനാഘോഷം ന്യൂയോർക്കിൽ വെച്ച് നടത്തേണ്ട ഗതികേടാവുമോ ഉണ്ടാവുക?

കാബൂളിലെ സ്പോർട്സ് സ്റ്റേഡിയത്തിലാണ് സാധാരണ സ്വാതന്ത്ര്യദിന പരിപാടികൾ നടക്കാറ്. അവിടെനിന്ന് ഒരു രഹസ്യസ്ഥലത്തേക്ക് ആഘോഷം മാറ്റുന്നതായി ആഭ്യന്തരമന്ത്രാലയം വക്താവ് സാഹിർ അസീമി ആഗസ്റ്റ് 17-ന് അറിയിച്ചതായി *റോയിട്ടേഴ്സ്* റിപ്പോർട്ടു ചെയ്തിരുന്നു. വലിയ തമാശ മറ്റൊന്നാണ്. രഹസ്യസ്ഥലത്തേക്ക് മാറ്റിയത് സുരക്ഷാ കാരണങ്ങളാലാണോ എന്ന് മാധ്യമപ്രവർത്തകർ ചോദിക്കുകയുണ്ടായി. വാഹനഗതാഗതം തടസ്സപ്പെടാതിരിക്കാനും ജനങ്ങൾക്ക് യാത്രാപ്രയാസം ഇല്ലാതിരിക്കാനുമാണ് ഇങ്ങനെ ചെയ്തതെന്നായിരുന്നു ആഭ്യന്തര മന്ത്രാലയ വക്താവിന്റെ മറുപടി! എന്തൊരു ജനസ്നേഹം! എന്തൊരു വാഹനപ്രേമം!! 2008 ഏപ്രിൽ 27-ന് പട്ടാളക്കാരുടെ സല്യൂട്ട് സ്വീകരിക്കവെ പ്രസിഡന്റ് കർസായി ആക്രമണത്തിൽനിന്ന് പരിക്കോടെ രക്ഷപ്പെടുകയായിരുന്നു. ഈ പശ്ചാത്തലം മാത്രമല്ല പ്രശ്നമായത്. സ്വാതന്ത്ര്യദിനാഘോഷത്തിൽ താലിബാൻ ആക്രമണമുണ്ടാകുമെന്ന് 'വിശ്വസനീയമായ രഹസ്യാന്വേഷണ വിവരം' ലഭിച്ചതായി *സി.എൻ.എൻ* ചാനൽ (ആഗസ്റ്റ് 18) റിപ്പോർട്ടു ചെയ്തിരുന്നു. അഫ്ഗാനിലെ ഏറ്റവും ഉന്നത അമേരിക്കൻ കമാന്റർ ജഫ്രിസ്ക്ലോസർ ഇങ്ങനെ മുന്നറിയിപ്പു നൽകിയതായി *അസോസിയേറ്റഡ് പ്രസും* (ആഗസ്റ്റ് 18) വ്യക്തമാക്കുകയുണ്ടായി. എന്നാൽ ആഭ്യന്തര മന്ത്രാലയം വക്താവായ അസീമിക്ക് ഈ വസ്തുതകൾ പറയാനുള്ള സ്വാതന്ത്ര്യം പോലും ഇല്ലെന്നല്ലേ ഇതിൽനിന്ന് മനസ്സിലാവുന്നത്?

അസോസിയേറ്റഡ് പ്രസ് വാർത്തയിൽ ഒരു മുന്നറിയിപ്പു കൂടി സൂചിപ്പിച്ചിട്ടുണ്ട്. ഐക്യരാഷ്ട്രസഭാ ഉദ്യോഗസ്ഥരാരും തിങ്കളാഴ്ച വീട്ടിൽനിന്ന് പുറത്തിറങ്ങരുതെന്ന്! ഇതും വാഹനഗതാഗതം തടസ്സപ്പെടാതിരിക്കാനും ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കാനും ആയിരിക്കുമോ?

ആഗസ്റ്റ് 18-ലെ എ.എഫ്.പി വാർത്തയിലെ ഒരു വരി ഇങ്ങനെയാണ്: "ഏഴായിരം പോലീസുകാർ കാബൂൾപട്ടണം അടച്ചുപൂട്ടിയിരിക്കുകയാണ്. തലസ്ഥാനത്തേക്കുള്ള ഓരോ പ്രവേശന കവാടത്തിലും കവലകളിലും ചെക്ക് പോയിന്റുകൾ സ്ഥാപിച്ചിട്ടുണ്ട്." ഇത്തരം കർശന സുരക്ഷാ പരിശോധനകളൊന്നും വാഹനക്കുരുക്കോ ജനങ്ങൾക്ക് പ്രയാസങ്ങളോ ഉണ്ടാക്കില്ലെന്ന് മറ്റുള്ളവർ വിശ്വസിക്കുമെന്നായിരിക്കും അഫ്ഗാൻ ആഭ്യന്തര മന്ത്രാലയത്തിലെ വക്താവ് കരുതിയിട്ടു

ണ്ടാവുക. സാമാന്യജനങ്ങൾ നേരിടേണ്ടി വരുന്ന ഇത്തരം ദുരിതങ്ങൾ സ്വാതന്ത്ര്യ ദിനാഘോഷം രഹസ്യമാക്കിയാൽ ഇല്ലാതാകുമെന്നും ഇവർ വിചാരിച്ചിട്ടുണ്ടാകുമോ? അതോ മറ്റുള്ളവരെ വിഡ്ഢികളാക്കാനുള്ള ശ്രമത്തിൽ സ്വയം വിഡ്ഢിയാവുന്നതോ?

ഇതാണ് അഫ്ഗാനിലെ ഇപ്പോഴത്തെ അവസ്ഥയെങ്കിൽ, അമേരിക്കയുടെ 'ഭീകര'വിരുദ്ധയുദ്ധം ഏതാനും മാസങ്ങൾകൂടി മുന്നോട്ടുപോയാൽ എവിടെയെത്തുമെന്ന് ഊഹിക്കാവുന്നതാണ്. രണ്ടു മാസം മുമ്പ് *ബാൾട്ടിമോർസൺ* എന്ന അമേരിക്കൻ പത്രം നൽകിയ ഒരു വാർത്തയുടെ ശീർഷകം ഇങ്ങനെയായിരുന്നു: "താലിബാൻ അതിവേഗം വളരുന്നുവെന്ന് പെന്റഗൺ റിപ്പോർട്ട്" (ജൂൺ 28). അമേരിക്കയുടെ പ്രതിരോധവകുപ്പ് തലേദിവസം സമർപ്പിച്ച റിപ്പോർട്ടിനെ 'നിരാശാഭരിതം' എന്നാണ് ലേഖകനായ ഡേവിഡ് വുഡ് വിശേഷിപ്പിച്ചത്. പ്രതിരോധ സെക്രട്ടറി റോബർട്ട് ഗെയ്റ്റ്സ്, കരസേനാ ജനറലായ ജയിംസ് ജോൺസ് എന്നിവർ മുമ്പ് സമർപ്പിച്ച റിപ്പോർട്ടും ഇത്തരത്തിലായിരുന്നുവത്രെ. അഫ്ഗാനെതിരായ യുദ്ധത്തിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ലെന്ന് ഇവർ ചൂണ്ടിക്കാട്ടിയിരുന്നു.

എവിടെയാണ് അമേരിക്കൻ ബുദ്ധിരാക്ഷസന്മാരുടെ കണക്കുകൾ പിഴച്ചത്? നിരവധി കാര്യങ്ങളിൽ അവരുടെ പ്രതീക്ഷകൾ തെറ്റി. ഒന്നാമതായി, അഫ്ഗാനിലെ അവരുടെ കൂട്ടാളികൾ വടക്കൻ സഖ്യമാണ്. സോവിയറ്റ് സേനയുടെ കൂട്ടാളികളുടെ പിൻഗാമികളിൽ വലിയൊരു വിഭാഗം ഇവരിൽപെടുന്നു. പത്തുവർഷം നീണ്ട യുദ്ധത്തിൽ തോറ്റമ്പിയ ഒരു സാമ്രാജ്യത്വ ശക്തിയുടെ ശിങ്കിടികളെയാണ് അമേരിക്ക കൂട്ടാളിയാക്കിയതെന്നർഥം! തോറ്റോടി മാത്രം പരിചയമുള്ള ഇവരുടെ സഹായം വിജയത്തിലേക്ക് നയിക്കുമെന്ന് കരുതിയവരുടെ ബുദ്ധി അപാരം തന്നെ. രണ്ടാമതായി അഴിമതിക്കാരും സ്വാർഥമോഹികളും ആയവർക്ക് പ്രാമുഖ്യമുള്ള സഖ്യമായിരുന്നു വടക്കൻസഖ്യം. പ്രതിരോധവകുപ്പിന്റെ മേൽ സൂചിപ്പിച്ച റിപ്പോർട്ടിൽ പുരോഗതിക്ക് വിഘാതമായത് അഴിമതിയാണെന്ന് കൃത്യമായും പറയുന്നുണ്ട്. കർസായി അധികാരമേറ്റ ശേഷം ഉണ്ടായ പ്രധാനമായൊരു പരിഷ്കാരം എന്തായിരുന്നുവെന്നോ? താലിബാൻ ഭരണത്തിൽ ജയിലിലടക്കപ്പെട്ട മയക്കുമരുന്ന് രാജാക്കന്മാരെ തുറന്നുവിടുക!

അഫ്ഗാനിലെ അമേരിക്കൻ സൈനിക ജനറൽ ജെഫ്രി സ്ക്ലോസർ ചൂണ്ടിക്കാട്ടിയ ഒരു വസ്തുത *ബാൾട്ടിമോർ സൺ* പത്രം ചേർത്തിട്ടുണ്ട്. താലിബാൻ പടയാളികളുടെ യുദ്ധനൈപുണ്യമാണത്. റോഡരുകിൽ അവർ ബോംബ് സ്ഥാപിക്കുന്നു. അതിലൂടെ കടന്നുപോകുന്ന സൈനികവാഹനം തകരുന്നു. ഓപ്പറേഷൻ ഇവിടെ തീരുന്നില്ല. റോഡിനിരുവശത്തുനിന്നും ചെറിയ ഷെല്ലുകൾ വർഷിച്ചുകൊണ്ടുള്ള ആക്രമണം തുടർന്നുണ്ടാകും. സ്ഫോടനത്തിൽ തകർന്ന സൈനിക വാഹനത്തിലുണ്ടായവർ രക്ഷപ്പെട്ടിട്ടുണ്ടെങ്കിൽ ഈ ഷെല്ലാക്രമണത്തിൽ ശേഷിക്കില്ല. ഇത്തരം ആക്രമണം നടന്നയുടൻ രക്ഷക്കായി ഹെലിക്കോപ്റ്ററുക

●

**2001 ആഗസ്റ്റ് മുതൽ 2007 ആഗസ്റ്റ് വരെയുള്ള അഫ്ഗാന്റെ സ്വാതന്ത്ര്യദിന ആഘോഷങ്ങളെല്ലാം പരസ്യമായാണ് നടന്നത്. എന്നാൽ ഏഴുവർഷങ്ങൾ നീണ്ട നാറ്റോ സേനയുടെ യുദ്ധം 2008ലെ സ്വാതന്ത്ര്യദിനാഘോഷം രഹസ്യമായി ആഘോഷിക്കുന്നതിലേക്ക് നയിച്ചു എന്നു പറയാം. ലോകത്തെ ഏറ്റവും സുസജ്ജരായ സൈനിക വ്യൂഹങ്ങൾ ഏഴുവർഷം യുദ്ധം ചെയ്തിട്ടും കാബൂൾ എന്ന തലസ്ഥാന പട്ടണത്തിൽ പോലും ഒരു ഔദ്യോഗിക ആഘോഷം സുരക്ഷിതമായി സംഘടിപ്പിക്കാനാവാത്ത സ്ഥിതിയാണെങ്കിൽ അടുത്തവർഷം അഫ്ഗാന്റെ സ്വാതന്ത്ര്യ ദിനാഘോഷം ന്യൂയോർക്കിൽ വെച്ച് നടത്തേണ്ട ഗതികേടാവുമോ ഉണ്ടാവുക?**

●

ളിലോ മറ്റു സൈനിക വാഹനങ്ങളിലോ അമേരിക്കൻ സൈനികരെത്തും. തകർന്ന വാഹനത്തിലുള്ളവരെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെ മറ്റൊരു ബോംബുകൂടി പൊട്ടുന്നു. ഇതാണ് നവീകരിച്ച ആക്രമണരീതിയെന്ന് യു.എസ് ജനറൽ സ്ക്ലോസർ പറയുന്നു. ഇപ്പോൾ ശരാശരി ഒരു ദിവസം അമ്പതുപ്രാവശ്യം സൈനിക വിമാനങ്ങൾ ഓപ്പറേഷനിൽ പങ്കെടുക്കുന്നു. ഒരു ദിവസം അമേരിക്കൻ സൈന്യത്തിന് നേരിടേണ്ടിവരുന്നത് 2616 ആക്രമണങ്ങളാണെന്നും റിപ്പോർട്ടിലുണ്ട്.

യഥാർഥത്തിൽ ഇതൊന്നും പെട്ടെന്നുണ്ടായ മാറ്റമല്ല. ഹാമിദ് കർസായി എന്ന അമേരിക്കൻ പാവ അധികാരം ഏറ്റെടുക്കുമ്പോൾ പോലും അഫ്ഗാൻ പ്രദേശങ്ങളുടെ നിയന്ത്രണം നാറ്റോ സേനക്ക് പുറത്തായിരുന്നു. കാബൂളും ചുറ്റുവട്ടവും ഒഴിച്ച് ഒരിടത്തും അവർക്ക് നിയന്ത്രണ ശേഷിയുണ്ടായിരുന്നില്ല. പക്ഷേ, സി.ഐ.എ ഇക്കാര്യം സമ്മതിച്ചത് ഈയിടെയാണെന്നുമാത്രം. ഇതൊന്നും പുത്തൻ സംഭവങ്ങളല്ല. വിയറ്റ്നാമിലെ തെരുവോരങ്ങളിൽ പോരാളികളുടെ വെടിയേറ്റ് അമേരിക്കൻ സൈനികർ മരിച്ചു വീണുകൊണ്ടിരുന്ന കാലമുണ്ടായിരുന്നു – 1974ൽ. ഗ്രാമങ്ങളിൽനിന്നും അമേരിക്കൻ സേനകളെ പേപ്പട്ടികളെപ്പോലെ തുരത്തിക്കൊണ്ടിരുന്ന കാലം. അക്കാലത്തും വിയറ്റ്നാമിലെ സി.ഐ.എ ഉദ്യോഗസ്ഥന്മാർ അമേരിക്കൻ ഗവൺമെന്റിനു നൽകിയ റിപ്പോർട്ട്, സൈന്യം മുന്നേറിക്കൊണ്ടിരിക്കുന്നു എന്നാണ്. നുണ വിദേശനയത്തിന്റെ അഭേദ്യഭാഗമാക്കിയ ഒരു രാഷ്ട്രത്തെ സംബന്ധിച്ചേടത്തോളം ഇതു സ്വാഭാവികമാണ്.

അഫ്ഗാനെപ്പറ്റി സി.ഐ.എ നൽകിയ റിപ്പോർട്ട് ഈ നയത്തിൽ മാറ്റമുണ്ടായതിന്റെ സൂചനയാണോ? ആകാൻ സാധ്യതയില്ല. വിയറ്റ്നാം യുദ്ധം നടന്ന 1970കളും ഇക്കാലഘട്ടവും തമ്മിലുള്ള വ്യത്യാസമാണ് തോറ്റോടുന്നതിനു അൽപം മുമ്പായി തോൽവി സമ്മതിക്കാൻ അവരെ പ്രേരിപ്പിക്കുന്നത്. അക്കാലത്ത് ലോകസംഭവങ്ങളെപ്പറ്റി വിവരം നേടാൻ അമേരിക്കൻ നിയന്ത്രണത്തിലുള്ള വാർത്താ ഏജൻസികളേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ അവസാനനിമിഷം വരെയും നുണ പറഞ്ഞ് മുഖം രക്ഷിക്കാനാവും. ഇന്നതു സാധ്യമല്ല. നിരവധി അനൗദ്യോഗിക വാർത്താ സ്രോതസ്സുകൾ ഇന്നുണ്ട്. ഒട്ടേറെ സ്വതന്ത്രമായ സൈനിക വിശകലനങ്ങളും ലഭ്യമാണ്. അവസാനനിമിഷം വരെ നുണപറയുകയെന്നതിനു പകരം, അവസാനഘട്ടം ആരംഭിക്കുമ്പോഴെങ്കിലും സത്യം പറയാൻ തുടങ്ങിയേ തീരൂ എന്ന നിർബന്ധിതാവസ്ഥയാണ് ഇന്നുള്ളത്.

ലോക സാഹചര്യങ്ങളിലുണ്ടായ ഈ മാറ്റം സി.ഐ.എയുടെ ഔദ്യോഗിക റിപ്പോർട്ടുകളെ മാത്രമല്ല ബാധിക്കുന്നത്. യുദ്ധത്തെ തന്നെയും പ്രതികൂലമായി ബാധിക്കുന്നു. ജൂലൈ അവസാനം *ന്യൂയോർക്ക് ടൈംസ്* ദിനപത്രം പ്രസിദ്ധീകരിച്ച അഫ്ഗാൻ യുദ്ധത്തെക്കുറിച്ചുള്ള റിപ്പോർട്ട് ഇതിലേക്ക് ചില സൂചനകൾ നൽകുന്നു. സാധാരണക്കാർ കൊല്ലപ്പെടുന്നതുകൊണ്ട് അമേരിക്കൻ യുദ്ധവിമാനങ്ങൾ നടത്തുന്ന വ്യോമാക്രമണങ്ങൾ വെട്ടിച്ചുരുക്കേണ്ടി വന്നിരിക്കുന്നു എന്നാ

ണ് *ടൈംസ്* ലേഖകൻ തോ ശങ്കർ എഴുതുന്നത്. സാധാരണ ജനങ്ങൾ കൊല്ലപ്പെടുന്നതിൽ അമേരിക്കൻ നേതാക്കൾ ദുഃഖിച്ചതിന് ചരിത്രത്തിൽ ഉദാഹരണങ്ങളില്ലാതിരിക്കെ ഈ അസ്വസ്ഥതയുടെ കാരണമെന്താണ്? കാരണം ലേഖകൻ തന്നെ വ്യക്തമാക്കുന്നുണ്ട്. വ്യോമ സേനയുടെ ഓരോ ബോംബാക്രമണവും സാധാരണക്കാർ കൊല്ലപ്പെടാൻ ഇടയാക്കുന്നതുകൊണ്ട് വിദേശസേനകൾക്കെതിരായ മനോഭാവം അഫ്ഗാൻകാർക്കിടയിൽ വർധിച്ചുവരികയാണത്രെ. താലിബാൻകാർക്ക് അനുകൂലമായി ജനങ്ങൾ സംഘടിക്കുന്നത് ഒഴിവാക്കാനാണ് വ്യോമാക്രമണത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത്. വിയറ്റ്നാം യുദ്ധകാലത്ത് ഇത്തരം പ്രശ്നങ്ങൾ ഉണ്ടായിരുന്നില്ല. എത്ര ജനങ്ങളെ കൊന്നൊടുക്കിയാലും അത് മൂടിവെക്കാനും മറ്റു നുണകൾ പ്രചരിപ്പിക്കാനുമുള്ള സംവിധാനങ്ങൾ അമേരിക്കയുടെയും പാശ്ചാത്യരാഷ്ട്രങ്ങളുടെയും കുത്തകയായിരുന്നു. ഇന്ന് അഫ്ഗാനിൽ പോരാളികൾ അമേരിക്കൻ സൈനിക ഹെലിക്കോപ്റ്ററുകൾ വെടിവെച്ചിടുന്നതിന്റെ വീഡിയോ ചിത്രങ്ങൾ പോലും സന്ദർഭാനുസാരം ലഭ്യമാണ്. അമേരിക്കൻ ഗവൺമെന്റിന്റെ പ്രചാരണ വകുപ്പുകൾ പുറത്തിറക്കുന്ന ഓരോ പ്രസ്താവനയും വിശദമായി വിലയിരുത്തുന്നതിന് ആശ്രയിക്കാവുന്ന നിരവധി സ്രോതസ്സുകൾ ഇക്കാലത്തുണ്ട്. വിയറ്റ്നാമിൽ അഞ്ചുവർഷത്തെ യുദ്ധംകൊണ്ട് അമ്പതുലക്ഷം വിയറ്റ്നാംകാരെ കൊന്നൊടുക്കിയിട്ടും അന്ന് ലോകം ഇളകിയില്ല. യുദ്ധത്തിന്റെ അവസാനഘട്ടത്തിൽ മാത്രമാണ് നാമമാത്രമായ പ്രതിഷേധപ്രകടനങ്ങൾ പോലും അമേരിക്കയിലുണ്ടായത്. എന്നാൽ ഇക്കാലത്തോ? അഫ്ഗാൻ, ഇറാഖ് യുദ്ധങ്ങൾ ആരംഭിക്കുന്നതിന് മുമ്പുതന്നെ ആക്രമണകാരിയായ അമേരിക്കക്കെതിരെ ഒരു ലക്ഷത്തിലേറെ പേർ പങ്കെടുത്ത പ്രകടനം വാഷിംഗ്ടണിൽ തന്നെ നടന്നു. തുടർന്ന് വിവിധ സന്ദർഭങ്ങളിലായി ലോകമെമ്പാടും കൂറ്റൻ പ്രകടനങ്ങൾ നടക്കുകയുണ്ടായി. ലോകാഭിപ്രായം അമേരിക്കൻ നിയന്ത്രണത്തിൽനിന്ന് ഇത്രയേറെ വഴുതിപ്പോയ ഒരു കാലഘട്ടം മുമ്പുണ്ടായിട്ടില്ല. അതുകൊണ്ടാണ് യാതൊരു മനഃസാക്ഷി ഭംഗവും കൂടാതെ അമ്പതുലക്ഷം വിയറ്റ്നാംകാരെ കൊന്നൊടുക്കിയ അമേരിക്കൻ നേതാക്കളുടെ പിൻഗാമികൾക്ക് സാധാരണക്കാരുടെ മരണം ഇന്ന് തലവേദനയാവുന്നത്.

അഫ്ഗാനിലെ അമേരിക്കൻ വ്യോമാക്രമണത്തിന്റെ പരിമിതികൾ വ്യക്തമാക്കുന്ന *ടൈംസി*ലെ മേൽ സൂചിപ്പിച്ച ലേഖനം വിശകലനം ചെയ്താൽ കൗതുകകരമായ മറ്റു വിവരങ്ങൾ പുറത്തുവരും. സാധാരണക്കാരുടെ മരണം ഒഴിവാക്കാൻ വ്യോമാക്രമണങ്ങളുടെ എണ്ണം ചുരുക്കേണ്ടി വരുന്നു എന്നതാണ് ലേഖനത്തിന്റെ സാരം. ഈ വർഷം വ്യോമാക്രമണത്തിനുള്ള ഉത്തരവുകൾ വളരെ വർധിച്ചിട്ടുണ്ടെങ്കിലും സാധാരണക്കാരുടെ മരണം കഴിയാവുന്നത്ര കുറക്കാൻ ആക്രമണം കാര്യമായ തോതിൽ വെട്ടിച്ചുരുക്കേണ്ടി വന്നിരിക്കുന്നു എന്നും ലേഖകൻ എഴുതുന്നു. അതായത്, ജനങ്ങൾ കൊല്ലപ്പെടാതെയുള്ള വ്യോമാക്രണം അസാധ്യമാണെന്നർഥം. ഇതിന്റെ വിശദാംശങ്ങളിലേക്ക് പോകുമ്പോൾ അമേരിക്കൻ വ്യോമസേനയുടെ (കര-നാവിക വിഭാഗത്തിനും ഇതു ബാധകമാണ്) കൊട്ടിഘോഷിക്കപ്പെടുന്ന സൈനിക മാഹാത്മ്യം പൊളിഞ്ഞു വീഴുന്നത് കാണാം.

പത്ത് വ്യോമാക്രമണങ്ങളിൽ ശരാശരി നൂറ് സാധാരണക്കാർ കൊല്ലപ്പെട്ടെന്ന് സങ്കൽപിക്കുക. ഇത് അഞ്ചാക്കിച്ചുരുക്കുമ്പോൾ കൊല്ലപ്പെടുന്ന സാധാരണക്കാരുടെ എണ്ണം അമ്പതായി ചുരുങ്ങുന്നു. എന്തൊരു സൈനിക മാഹാത്മ്യം! തമാശ ഇതോടെ തീരുന്നില്ല. വ്യോമാക്രമണത്തിൽ കൊല്ലപ്പെടുന്നത് ഏറെയും സാധാരണക്കാർ തന്നെയാണ്. താലിബാൻ പോരാളികൾ കൊല്ലപ്പെടാനുള്ള സാധ്യത വിരളമാണ്. ഒരു പ്രദേശത്ത് അമ്പതുപേർ കൊല്ലപ്പെട്ടാൽ അമ്പതു താലിബാൻ ഭീകരരെ വ്യോമാക്രമണത്തിൽ വകവരുത്തിയതായി അമേരിക്കൻ സേനാമേധാവികൾ പത്രസമ്മേളനത്തിൽ പ്രഖ്യാപിക്കും. ലോകമെമ്പാടുമുള്ള പത്രങ്ങളിൽ അതായിരിക്കും മുഖ്യവാർത്ത. ഏതാനും ദിവസം കഴിഞ്ഞ് കൊല്ലപ്പെട്ടവരെല്ലാം സാധാരണക്കാരാണെന്ന് പ്രാദേശിക ആശുപത്രി അധികൃതർ വ്യക്തമാക്കും. ഇതൊന്നും വാർത്തയാകില്ല. അഫ്ഗാനിലെ ഏത് അമേരിക്കൻ വ്യോമാക്രമണത്തിലും പൊതുവെ ഇങ്ങനെയാണ് സംഭവിക്കാറ്. ഇതുവരെയായി മൊത്തം കൊല്ലപ്പെട്ടവരിൽ അഞ്ചുശതമാനത്തിൽ താഴെയായിരിക്കും താലിബാൻ പോരാളികളുടെ എണ്ണം. അഞ്ചു പോരാളികളെ വധിക്കാൻ 95 സാധാരണക്കാരെ കൊലചെയ്യേണ്ടിവരുന്നു എന്നർഥം. ഈ പ്രശ്നം പരിഹരിക്കാൻ പെന്റഗൺ ബുദ്ധിരാക്ഷസന്മാരുടെ പക്കൽ സൂത്രങ്ങളൊന്നുമില്ല. ആകെക്കൂടി അവർക്കറിയാവുന്ന വിദ്യ കൊല്ലപ്പെട്ടവരെല്ലാം പോരാളികളാണെന്ന് പ്രഖ്യാപിക്കുക മാത്രമാണ്. പക്ഷേ, ഈ അവകാശവാദങ്ങൾക്ക് ഒരു ദിവസത്തെ ആയുസ്സേ ഉണ്ടാകാറുള്ളൂ. ചെറുകിട വാർത്താ ഏജൻസികൾ, പ്രാദേശിക വാർത്താ സ്രോതസ്സുകൾ, പാശ്ചാത്യലോകത്തെ കോർപ്പറേറ്റ് നിയന്ത്രണത്തിൽനിന്നും സ്വതന്ത്രരായ പത്രപ്രവർത്തകർ, ഏഷ്യനാഫ്രിക്കൻ വാർത്താ ഏജൻസികൾ തുടങ്ങി അറബ് മാധ്യമങ്ങൾ വരെയുള്ള പാശ്ചാത്യ യുദ്ധഭ്രാന്തിൽനിന്ന് മുക്തരായ നിരവധി വാർത്താമാർഗങ്ങൾ ഇന്ന് ലഭ്യമാണ്. ഇവ ഉപയോഗിച്ച് പെന്റഗൺ അവകാശവാദങ്ങൾ പരിശോധിക്കുന്ന അസംഖ്യം വിശകലന വിദഗ്ധർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്നുണ്ട്. അഫ്ഗാന്റെ കാര്യത്തിൽ ഏറെ ശ്രദ്ധേയമായ സംഭാവനകൾ നൽകിയ പ്രഫ. മാർക്ക് ഹാരോൾഡിന്റെ ഒട്ടേറെ പഠനങ്ങൾ ഉദാഹരണമായുണ്ട് (www.cursor.org).

സാധാരണക്കാരെ ബോംബുവർഷിച്ച് ഇല്ലായ്മ ചെയ്യുന്ന അമേരിക്കയുടെ പാരമ്പര്യ യുദ്ധതന്ത്രത്തിന് ഇന്ന് പരിമിതികൾ ഏറുകയാണെന്നർഥം. ഈ പ്രശ്നം കൂടുതൽ അസ്വസ്ഥതകൾ സൃഷ്ടിക്കുന്നത് അവരുടെ സൈനികർക്കു തന്നെയാണ്. 'യാതൊരു സംശയവുമില്ല, ഞങ്ങൾ നിരാശയിലാണെ'ന്ന് സൈമൺ ഡോബ് എന്ന അഫ്ഗാനിലെ ബ്രിട്ടീഷ് വ്യോമ യുദ്ധത്തലവൻ പറഞ്ഞതായി *ന്യൂയോർക്ക് ടൈംസ്* അറിയിക്കുന്നു. ഈ നിരാശ വ്യോമാക്രമണത്തിനുണ്ടായ നിയന്ത്രണത്തിൽ ഒതുങ്ങുന്നില്ല. വർഷം കഴിയുന്തോറും ആയിരക്കണക്കിൽ ബോംബുകളും മിസൈലുകളും മറ്റു മാരകായുധങ്ങളും പൂർവാധികം വർഷിച്ചുകൊണ്ടേയിരുന്നിട്ടും നാറ്റോ സേനകൾ അഫ്ഗാനിൽനിന്നും തുരത്തപ്പെടുന്നതിലുള്ള നിരാശകൂടി ഈ വാക്കുകളിലുണ്ട്.

ലോകത്തിന്റെ ഗതിനിർണയിക്കുന്ന യുദ്ധങ്ങളാണ് അമേരിക്ക ആരംഭിച്ചിട്ടുള്ളതെന്ന് പ്രസിഡന്റ് ബുഷ് തന്നെ മുമ്പ് വ്യക്തമാക്കിയിരുന്നു. ആർക്കും ഭിന്നാഭിപ്രായമില്ലാത്ത കാര്യമാണിത്. എന്നാൽ ബുഷിന്റെ പ്രതീക്ഷകളിൽ എത്രയെണ്ണം നേടാനായി എന്നതാണ് പ്രധാന പ്രശ്നം. എന്നെങ്കിലും അവ നേടാനാകുമെന്ന പ്രതീക്ഷ അമേരിക്കയിലെ യുദ്ധങ്ങളുടെ ആസൂത്രകരായ നവയാഥാസ്ഥിതികർക്ക് പോലും ഇന്നില്ല എന്നതാണ് യാഥാർഥ്യം. ■